2023
JUNE
12
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## കൊച്ചി പുറങ്കടലിൽ പുതിയ തുറമുഖം: പദ്ധതി വീണ്ടും

**കൊച്ചി :** പുറങ്കടലിൽ പുതിയൊരു വൻകിട തുറമുഖമെന്ന (ഔട്ടർ ഹാർബർ) കൊച്ചി പോർട്ട് അതോറിറ്റിയുടെ വലിയ മോഹത്തിനു വീണ്ടും ചിറകു മുളയ്ക്കുന്നു. കേന്ദ്ര സർക്കാർ ആസൂത്രണം ചെയ്യുന്ന 'മിഷൻ 2047' മാസ്റ്റർ പ്ലാനിൽ 'ഔട്ടർ ഹാർബർ' പദ്ധതി അവതരിപ്പിക്കാനാണു പോർട്ട് അതോറിറ്റിയുടെ തീരുമാനം. വൻ സാമ്പത്തിക മുതൽമുടക്ക് ആവശ്യമായ ഔട്ടർ ഹാർബർ പദ്ധതി 8 വർഷം മുൻപ് വിഭാവനം ചെയ്തതാണെങ്കിലും മുന്നോട്ടു പോയില്ല. സ്വാതന്ത്ര്യലബ്ധിയുടെ 100 ാം വർഷമായ 2047 ൽ ഇന്ത്യൻ തുറമുഖങ്ങളുടെ ചരക്കു കൈകാര്യ ശേഷി 1000 കോടി ടൺ ആയി ഉയർത്താൻ ലക്ഷ്യമിട്ടാണു കേന്ദ്ര സർക്കാർ 'മിഷൻ 2047' മാസ്റ്റർ പ്ലാൻ തയാറാക്കുന്നത്.

ഔട്ടർ ഹാർബർ പദ്ധതിക്ക് 10000  15,000 കോടി രൂപ ചെലവു വരുമെന്നാണ് അനൗദ്യോഗിക വിലയിരുത്തൽ. പദ്ധതി സംബന്ധിച്ചു പ്രാഥമിക ആലോചനകളാണു നടക്കുന്നതെന്നു പോർട്ട് അതോറിറ്റി ചെയർപഴ്സൻ ഡോ.എം.ബീന 'ബിസിനസ് മനോരമ'യോടു പറഞ്ഞു. പുതിയ എസ്റ്റിമേറ്റ് തയാറാക്കുകയാണ് അടുത്ത ഘട്ടം. കൊച്ചി തുറമുഖം ഇനി ഉള്ളിലേക്കു വികസിപ്പിക്കുക സാധ്യമല്ല. പുറങ്കടലിൽ പുതിയ തുറമുഖം നിർമിക്കുകയാണു പരിഹാരമെന്നും അവർ പറഞ്ഞു. ഫോർട്ട് കൊച്ചി ഭാഗത്തും പുതുവൈപ്പിൻ ഭാഗത്തുമായി കടലിലേക്കു രണ്ടു കൂറ്റൻ പുലിമുട്ടുകൾ നിർമിച്ചു കടൽ നികത്തിയാണ് ഔട്ടർ ഹാർബർ നിർമിക്കാൻ 2014 ൽ വിഭാവനം ചെയ്തത്. 50,000 കോടിയോളം രൂപയുടെ നിക്ഷേപ സാധ്യതകളും പ്രതീക്ഷിച്ചിരുന്നു.

# ഇന്ധനവില കുറയ്ക്കാൻ ആവശ്യപ്പെട്ട് കേന്ദ്രം

### നഷ്ടത്തിലെന്ന് കമ്പനികൾ

### കഴിഞ്ഞ വർഷം മേയ് മുതൽ രാജ്യത്ത് ഇന്ധന വിലയിൽ മാറ്റമില്ല

**ന്യൂഡൽഹി:** പെട്രോൾ, ഡീസൽ വിലകളിൽ കുറവു വരുത്തണമെന്ന് കേന്ദ്രസർക്കാർ പെട്രോളിയം കമ്പനികളോട് ആവശ്യപ്പെട്ടതായി വിവരം. കഴിഞ്ഞ വർഷം മേയ് മുതൽ രാജ്യത്ത് ഇന്ധന വിലയിൽ മാറ്റം വരുത്തിയിട്ടില്ല. രാജ്യാന്തര വിലയിൽ ഈ കാലയളവിൽ ബെന്റ് ക്രൂഡിന് 35 ഡോളറിലേറെ വിലക്കുറവുണ്ടായത് കാരണം കമ്പനികൾക്ക് വലിയ ലാഭം കിട്ടിയിരുന്നുവെന്ന് സർക്കാർ വൃത്തങ്ങൾ സൂചിപ്പിക്കുന്നു.




എന്നാൽ കോവിഡ് കാലത്തുണ്ടായ ഭീമമായ നഷ്ടം ഇനിയും നികത്തിയിട്ടില്ലെന്ന നിലപാടാണ് എണ്ണക്കമ്പനികൾക്ക്. അതിനിടയ്ക്ക് ഉത്തർപ്രദേശടക്കം വിവിധ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പു നടന്നപ്പോൾ രാജ്യാന്തര വിപണിയിൽ വില കൂടി നിന്നിട്ടും കമ്പനികൾ വില വർധിപ്പിച്ചിരുന്നില്ല. 2022,23 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലും ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിലും കമ്പനികൾക്ക് വൻ ലാഭമുണ്ടായ സാഹചര്യത്തിൽ വില കുറയ്ക്കാൻ ആവശ്യപ്പെടുന്നത് ന്യായമാണെന്ന് പെട്രോളിയം മന്ത്രാലയ ഉദ്യോഗസ്ഥർ കഴിഞ്ഞ ദിവസം മാധ്യമങ്ങളോടു പറഞ്ഞിരുന്നു.

ഇന്ത്യൻ ഓയിൽ കോർപറേഷന് അറ്റാദായത്തിൽ 52% വർധനയുണ്ടായി. ഭാരത് പെട്രോളിയത്തിന് 168% വർധനയും എച്ച്പിക്ക് 79% വർധനയുമാണ് ലഭിച്ചത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ യുക്രെയ്ൻ യുദ്ധമടക്കമുള്ള സാഹചര്യങ്ങളിൽ മൂന്നു കമ്പനികൾക്കുമായി 18,622 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് അവകാശവാദം. പൊതുമേഖലാ എണ്ണ വിപണന കമ്പനികൾക്ക് എൽപിജി സബ്സിഡി മൂലമുണ്ടായ നഷ്ടം നികത്താൻ ഒറ്റത്തവണ ഗ്രാന്റായി 22,000 കോടി രൂപ നൽകാൻ കഴിഞ്ഞ ഒക്ടോബറിൽ കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു

## 40 പ്രദേശങ്ങൾക്ക് വ്യവസായ എസ്റ്റേറ്റ് പദവി

**തിരുവനന്തപുരം:** സംസ്ഥാനത്തു 40 വ്യവസായ എസ്റ്റേറ്റുകൾ പ്രഖ്യാപിച്ച് സർക്കാർ. വ്യവസായ വകുപ്പിനു കീഴിൽ സംരംഭങ്ങൾ നടത്തിപ്പോരുന്ന 40 പ്രദേശങ്ങൾക്കാണു വ്യവസായ എസ്റ്റേറ്റ് പദവി. ഇവിടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി എളുപ്പത്തിലാക്കാൻ 'ഏകജാലക ക്ലിയറൻസ് ബോർഡും' നിലവിൽ വന്നു.എറണാകുളം എടയാർ, തൃശൂർ പുഴയ്ക്കൽ പാടം, പാലക്കാട് കഞ്ചിക്കോട്, ആലപ്പുഴ അരൂർ, തിരുവനന്തപുരം വേളി തുടങ്ങി 40 പ്രദേശങ്ങളാണു വ്യവസായ എസ്റ്റേറ്റുകളായി പ്രഖ്യാപിച്ചത്.

നേരത്തെ നിലവിലുള്ളതാണെങ്കിലും ഇവിടങ്ങളിലെ സംരംഭങ്ങൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ഇതോടെ ലഭിക്കുമെന്നു മന്ത്രി പി.രാജീവ് പറഞ്ഞു.



# മുറിവുണക്കാൻ പന്നിയുടെ പിത്താശയ സ്തരത്തിൽ നിന്ന് പുതിയ മരുന്ന്



**തിരുവനന്തപുരം:** പന്നിയുടെ പിത്താശയ സ്തരം മുറിവുണക്കാൻ ഉപയോഗിക്കാമെന്ന ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ കണ്ടെത്തലിനു പേറ്റന്റ് ലഭിച്ചതിനു പിന്നാലെ ഇതിന്റെ നിർമാണ ചുമതലയുള്ള അലികോൺ മെഡിക്കൽസിന് കേന്ദ്ര ഡ്രഗ്സ് കൺട്രോളറുടെ അനുമതിയും ലഭിച്ചു.

മൃഗങ്ങളിൽ നടത്തിയ പരീക്ഷണങ്ങളിൽ ഈ ഔഷധം വളരെ വേഗം മുറിവുണക്കുന്നതിന് സഹായകമാണെന്നു കണ്ടെത്തിയതായി ബയോമെഡിക്കൽ ടെക്നോളജി വിഭാഗം മേധാവി ഡോ. ഹരികൃഷ്ണ വർമ, ഡീൻ ഡോ.റോയ് ജോസഫ്, എക്സ്പിരിമെന്റൽ പാത്തോളജി വിഭാഗം മേധാവി ഡോ.ടി.വി.അനിൽകുമാർ എന്നിവർ അറിയിച്ചു.

ഹൃദയാഘാതം ഉണ്ടാകുമ്പോൾ ഹൃദയത്തിലേക്കു മരുന്നുകൾ എത്തിക്കുന്ന രീതിയിലൂടെ ഇത് മുറിവിൽ എത്തിക്കാനാകും. പ്രമേഹരോഗികളുടെ ശരീരത്തിൽ മുറിവ് ഉണ്ടായാൽ ഉണങ്ങാൻ പ്രയാസമാണ്. എന്നാൽ പന്നിയുടെ പിത്താശയത്തിൽ നിന്നെടുത്ത പാളികളും കുഴമ്പും ഇത്തരം മുറിവുകൾ ഉണക്കാൻ ഫലപ്രദമാണെന്നാണ് കണ്ടെത്തൽ.

പന്നിയുടെ പിത്താശയത്തിലെ കോശങ്ങളിലെ കുഴമ്പ് തൊലിപ്പുറത്തുള്ള മുറിവുകൾക്കു മുകളിൽ വച്ചു പിടിപ്പിച്ചാൽ വേഗത്തിൽ കരിയുന്നതായി തെളിഞ്ഞു. മുറിവിന്റെ പാടുകൾ ഏറെ കുറയ്ക്കാനും ഇതു സഹായിക്കും. തുടർന്നാണ് ആന്തരിക മുറിവുകൾ കരിയുന്നതിനും ഇതിന്റെ സാധ്യതയെക്കുറി ച്ചു ഗവേഷണം ആരംഭിച്ചത്. ഡോ..ടി.വി .അനിൽകുമാറിന്റെ നേതൃത്വത്തിൽ കെ.വി.പ്രതീഷും ഡോ. കെ.എസ്.പ്രവീണും ഉൾപ്പെടുന്ന സംഘമാണ് ഗവേഷണം പൂർത്തിയാക്കിയത്.

# അഷ്ടമുടിക്കായലിന്റെ നവീകരണം തുടങ്ങുന്നു



**കൊല്ലം:** മാലിന്യം നിറഞ്ഞു കിടക്കുന്ന അഷ്ടമുടിക്കായലിന്റെ നവീകരണം തുടങ്ങുന്നു. സംസ്ഥാന തീരദേശ വികസന കോർപറേഷൻ നവീകരണ പ്രവർത്തനത്തിനു കരാർ നൽകി. ഒരാഴ്ചയ്ക്കകം പ്രവൃത്തി തുടങ്ങുമെന്നു തീരദേശ വികസന കോർപറേഷൻ അധികൃതർ പറഞ്ഞു.അഷ്ടമുടി കായൽ ശുചീകരണത്തിനു മുനിസിപ്പൽ കോർപറേഷൻ 7.5 കോടി രൂപയുടെ പദ്ധതിയാണ് തീരദേശ വികസന കോർപറേഷൻ മുഖേന നടപ്പാക്കുന്നത്. കായൽ ഡ്രെജ് ചെയ്യുന്നതോടൊപ്പം വീണ്ടും മാലിന്യം നിറയുന്നത് ഒഴിവാക്കാൻ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനും പദ്ധതിയുണ്ട്. അഷ്ടമുടിക്കായലിൽ മണിച്ചിത്തോട് എത്തിചേരുന്ന സ്ഥലത്താണു സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക.

മണിച്ചിത്തോട് വഴി വ്യാപകമായി ശുചിമുറി മാലിന്യം ഒഴുകി എത്തുകയാണ്. നഗരം കേന്ദ്രീകരിച്ചു മാലിന്യം ശേഖരിക്കുന്ന ടാങ്കറുകളാണ് ഇതു തോട്ടിലേക്ക് തുറന്നു വിടുന്നത്. ഇതു പിടികൂടാൻ ശ്രമിച്ച കോർപറേഷൻ ആരോഗ്യ വകുപ്പു ജീവനക്കാരെ ഗുണ്ടാസംഘം മാരകായുധങ്ങളുമായി കയ്യേറ്റം ചെയ്തിട്ടുണ്ട്.

ജില്ലാ ആശുപത്രി, ഗവ. വിക്ടോറിയ ആശുപത്രി എന്നിവിടങ്ങളിൽ മാലിന്യം ഒഴുകിയെത്തുന്ന ഓടയുടെ സമീപം സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനും ശ്രമം നടക്കുന്നുണ്ടെങ്കിലും സ്ഥലം ലഭിക്കാത്തതു പ്രതിസന്ധിയായി തുടരുന്നു. കായൽ ശുചീകരണത്തോടൊപ്പം മാലിന്യം കായലിൽ എത്തിച്ചേരുന്നതു തടയുകയാണു കോർപറേഷന്റെ ലക്ഷ്യം.

തീരത്തുള്ള പല വീടുകളിലെയും ശുചിമുറി മാലിന്യം കായലിലേക്ക് എത്തുന്നുണ്ട്. ഇതൊഴിവാക്കുന്നതിന് അഷ്ടമുടിക്കായൽ തീരത്തുള്ള വീടുകൾക്ക് 50000 രൂപ വിലയുള്ള സെപ്റ്റിക് ടാങ്കുകൾ സൗജന്യമായി നൽകുമെന്നു ഡപ്യൂട്ടി മേയർ കൊല്ലം മധു പറഞ്ഞു. കോർപറേഷൻ പരിധിയിൽ ഉള്ളവർക്കാണു ടാങ്ക് നൽകുക. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ഇതിനു ലഭിച്ചു.

മറ്റു മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനു എപിഎൽ, ബിപിഎൽ വ്യത്യാസം ഇല്ലാതെ ബയോ ഗ്യാസ് പ്ലാന്റ് നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചു. 13500 രൂപ വിലയുള്ള ബയോ ഗ്യാസ് പ്ലാന്റ് ആണു സൗജന്യമായി നൽകുക. 25000 ബയോ ബിന്നുകളും വിതരണം ചെയ്തിട്ടുണ്ടെന്നു ഡപ്യൂട്ടി മേയർ പറഞ്ഞു.



# നഗരസഭ വ്യാപാരസമുച്ചയം നവീകരണം നീളുന്നു

**പുനലൂർ:** നഗരസഭയുടെ ഏഴുനില വ്യാപാരസമുച്ചയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിൽ. 5 വർഷം മുൻപാണ് നവീകരണം ആരംഭിച്ചത്. കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് രണ്ടു വർഷത്തിനുള്ളിൽ നവീകരണം പൂർത്തിയാക്കി തുറന്നു നൽകാമെന്ന വാഗ്ദാനത്തോടെ ആരംഭിച്ച പ്രവർത്തനങ്ങളാണ് ആസൂത്രണമില്ലായ്മ കാരണം താളം തെറ്റിയത്. കെട്ടിടത്തിന്റെ സിവിൽ ജോലികൾ ഏറെക്കുറെ പൂർണമായെന്ന് അവകാശപ്പെടുമ്പോൾ ഒട്ടേറെ ജോലികൾ ഇനിയും അവശേഷിക്കുകയാണ്. കൂടാതെ കെട്ടിടം പ്രവർത്തിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ അഗ്നിരക്ഷാ വിഭാഗത്തിന്റെ നിരാക്ഷേപ പത്രം ലഭിക്കുന്നതിന് ഏറെ കടമ്പകൾ കടക്കണം.

മുകൾ നിലയിലേക്കുള്ള പടവുകൾക്ക് കുറഞ്ഞത് ഒരു മീറ്റർ വീതി വേണ്ടിടത്ത് ഇത്രയും വീതി.ില്ല. റോഡിൽ നിന്ന് ഒന്നാം നിലയിലേക്ക് പ്രവേശിക്കുന്നതിന് പ്രത്യേകമായി പടവുകളും നിർമിക്കേണ്ടതുണ്ട്.വൈദ്യുതീകരണ ജോലികൾക്കായി കരാർ എടുത്തിട്ടുള്ളവർ നാളിതുവരെ പണികൾ ചെയ്തിട്ടില്ല. അവരുടെ ജോലി പൂർത്തിയായാൽ മാത്രമേ ലിഫ്റ്റ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള ജോലി ചെയ്യാൻ സാധിക്കുകയുള്ളൂ. നടപ്പ് സാമ്പത്തിക വർഷം തുച്ഛമായ തുക മാത്രമാണ് കെട്ടിട നവീകരണത്തിന് വകയിരുത്തിയിട്ടുള്ളത്. ഇനിയും കുറഞ്ഞത് ഒരു കോടിയോളം ചെലവഴിച്ചാൽ മാത്രമേ കെട്ടിടം ഉപയോഗയോഗ്യമാവുകയുള്ളൂ.

പ്ലമിങ് ജോലികൾ ഭാഗികമായി തീർത്തുവെങ്കിലും അതിൽ തന്നെ അഗ്നി രക്ഷാ വിഭാഗത്തിന്റെ നിരാക്ഷേപ പത്രത്തിനായി നിരവധി ജോലികൾ അവശേഷിക്കുന്നുമുണ്ട്. വർഷങ്ങളായി പ്ലാൻ ഫണ്ടിൽ നിന്നും തുക ഏഴു നില കെട്ടിട നവീകരണനത്തിനായി ചെലവഴിക്കുന്നതിനാൽ വാർഡുകളിൽ വികസന പ്രവർത്തനങ്ങൾക്കായി പണം ലഭിക്കുന്നില്ല എന്നാണ് കൗൺസിലർമാരുടെ പരാതി.

# മത്സ്യബന്ധന മേഖലകളിൽ പൊലീസ് കാവൽ; ട്രോളിങ് നിരോധനം തുടങ്ങി



**കൊല്ലം:** ആഴക്കടൽ മത്സ്യബന്ധനത്തിന് 52 നാൾ അവധി നൽകി അർധരാത്രിയിൽ നീണ്ടകര പാലത്തിലെ തൂണുകളെ ബന്ധിപ്പിച്ച ചങ്ങലയിൽ താഴു വീണതോടെ ഈ വർഷത്തെ ട്രോളിങ് നിരോധനത്തിനു തുടക്കമായി. മത്സ്യബന്ധന മേഖലകളിലെല്ലാം കനത്ത പൊലീസ് കാവലുണ്ടായിരുന്നു. തീരത്തെ ക്രമസമാധാനപാലനം ഉറപ്പു വരുത്തണമെന്ന് ജില്ലാ കലക്ടർ പ്രത്യേക നിർദേശം നൽകിയിരുന്നു. ജൂലൈ 31 വരെയാണ് നിരോധനം.

യന്ത്രവൽകൃത ബോട്ടുകളെല്ലാം മടങ്ങിയെത്തി. പരമ്പരാഗത മത്സ്യബന്ധനത്തിനു നിരോധനമില്ല. തീരദേശ മേഖലയായ നീണ്ടകര, തങ്കശ്ശേരി, അഴീക്കൽ തുറമുഖങ്ങൾ അടച്ചിടുമെങ്കിലും പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നീണ്ടകര ഹാർബർ തുറന്നു കൊടുക്കും. നിരോധനം ലംഘിക്കാതിരിക്കാൻ തീരപ്രദേശങ്ങളിൽ കനത്ത പൊലീസ് കാവലും ഉറപ്പാക്കും. മത്സ്യബന്ധന മേഖലയിലെ അതിഥി തൊഴിലാളികൾ അവരവരുടെ നാട്ടിലേക്കു തിരിച്ചുപോയി. അയൽ സംസ്ഥാനത്തെ ബോട്ടുകൾ കേരള തീരം വിടണമെന്നു നിർദേശിച്ചിട്ടുണ്ട്.

അല്ലാത്തവ നീണ്ടകരയിൽ കെട്ടിയിടും. ജൂലൈ 31 ശേഷം മാത്രമേ പോകാനാകൂ. ട്രോളിങ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾ ഉപജീവനത്തിനായി മറ്റു തൊഴിലുകൾ തേടാറാണ് പതിവ്. തീരങ്ങളിൽ മറ്റു തൊഴിലിനുള്ള സാധ്യതയും വളരെ കുറവാണ്. മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭ്യമാക്കണമെന്ന് വിവിധ കേന്ദ്രങ്ങൾ അഭ്യർഥിച്ചിട്ടുണ്ട്.

ഹരിതം

# പശുവിന് സ്വാഭാവിക തീറ്റ നൽകുന്നത് ഭൂമിയിലെ മീഥെയ്ൻ പുറന്തള്ളൽ കുറയ്ക്കുമെന്ന് ഗവേഷകർ

കന്നുകാലികളുടെയുള്ള മീഥെയ്ൻ പുറന്തള്ളലിൽ ലോകം ആശങ്കയിലാണ്. ഇത് നിയന്ത്രിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ സജീവമെങ്കിലും ലളിതമായ മാർഗങ്ങൾ തുറന്നുവെക്കാൻ ബുദ്ധിമുട്ടായിരുന്നു. എന്നാൽ, കന്നുകാലികൾക്ക് സ്വാഭാവിക തീറ്റനൽകി മീഥെയ്ൻ പുറന്തള്ളൽ കുറയ്ക്കാനാകുമെന്ന് കണ്ടെത്തിയിരിക്കയാണ് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയും (കെ.വി.എ.എസ്.യു.) ഇംഗ്ലണ്ടിലെ റോത്താംസ്റ്റഡ് റിസർച്ചും നടത്തിയ പങ്കാളിത്ത ഗവേഷണം. കെ.വി.എ.എസ്.യു.വിലെ അനിമൽ ബ്രീഡിങ് ആൻഡ് ജെനിറ്റിക്സ് വിഭാഗം അസി. പ്രൊഫസർ ഡോ. മുഹമ്മദ് എളയടത്തുമീത്തലും റോത്താംസ്റ്റഡ് റിസർച്ചിലെ പ്രൊഫസർ മൈക്കൽ ലീയുമാണ് ഗവേഷണത്തിന് നേതൃത്വം നൽകിയത്.



ഭൂമി വിയർത്തുതുടങ്ങിയിട്ട് കാലമേറെയായി. ആഗോളതാപനത്തെ നേരിടാൻ ലോകരാജ്യങ്ങൾ മുന്നിട്ടിറങ്ങുന്നു. കാലാവസ്ഥാവ്യതിയാനമുണ്ടാക്കുന്ന ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കാനും നിയന്ത്രിക്കാനുമുള്ള നെട്ടോട്ടത്തിലാണ് വികസിത, വികസ്വര രാജ്യങ്ങൾ. ഹരിതഗൃഹവാതകങ്ങളിൽ പ്രധാനപ്പെട്ട മീഥെയ്ന്റെ പുറന്തള്ളൽ കുറയ്ക്കാൻ പ്രത്യേക പ്രതിജ്ഞതന്നെ 2021ലെ യു.എൻ. കാലാവസ്ഥാ ഉച്ചകോടിയിൽ രാജ്യങ്ങൾ (ഇഫരജ26) എടുത്തിരുന്നു. 2020ലെ നിലയിൽനിന്ന് 2030 ആവുമ്പോഴേക്കും 30 ശതമാനം മീഥെയ്ൻ ഉത്പാദനം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പ്രതിജ്ഞയിലൂടെ രാജ്യങ്ങൾ നടത്തിയത്. എന്നാൽ, ഇന്ത്യ വിട്ടുനിന്നു. കാരണം, മീഥെയ്ൻ പുറന്തള്ളലിൽ പ്രധാന പങ്കുവഹിക്കുന്നത് കന്നുകാലികളാണ്. ലോകത്ത് ഏറ്റവും കൂടുതൽ കന്നുകാലികളുള്ള രാജ്യമാണ് ഇന്ത്യ. ഒരു വലിയ വിഭാഗം ജനതയുടെ ജീവനോപാധിയായ കന്നുകാലി വളർത്തലിൽ പെട്ടെന്ന് കൊണ്ടുവരുന്ന മാറ്റം ആ മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാമെന്ന തിരിച്ചറിവുകൊണ്ടാണത്.

ഭക്ഷണപദാർഥങ്ങൾ കന്നുകാലികളുടെ ആമാശയത്തിലെത്തുമ്പോൾ ദഹനപ്രക്രിയയുടെ ഉപോത്പന്നം എന്ന നിലയിൽ അസിഡിറ്റി ഉണ്ടാകും. അസിഡിറ്റിയെ കുറയ്ക്കാനുള്ള സംവിധാനമെന്ന നിലയിൽ ആമാശത്തിൽ മീഥെയ്ൻ ഉത്പാദിപ്പിക്കപ്പെടും. ഇത് ഇവയുടെ ശ്വാസത്തിലൂടെയും ചാണകത്തിലൂടെയും പുറന്തള്ളും. ശ്വാസത്തിലൂടെയാണ് 90 ശതമാനം മീഥെയ്നും കന്നുകാലികൾ പുറന്തള്ളുന്നത്.

പശു, എരുമ, ചെമ്മരിയാട്, ആട് എന്നിവയാണ് മീഥെയ്ൻ പുറന്തള്ളുന്ന കന്നുകാലികൾ. പശുവാണ് കൂടുതൽ മീഥെയ്ൻ പുറന്തള്ളുന്നത്. എരുമകൾ ഒരുവർഷം ശരാശരി 50 കിലോഗ്രാം മീഥെയ്ൻ പുറന്തള്ളുമ്പോൾ പശുക്കൾ 68 കിലോഗ്രാമാണ് പുറന്തള്ളുന്നത്. ഇവയെക്കാൾ താരതമ്യേന കുറവാണ് ആടുകളും ചെമ്മരിയാടുകളും പുറംതള്ളുന്ന മീഥെയ്ൻ.

നന്നായി ജ്വലിക്കുന്ന നിറവും മണവുമില്ലാത്ത വാതകം. കാർബണും ഹൈഡ്രജനും കൂടിച്ചേർന്നുണ്ടാകുന്നു. ആഗോളതാപനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകങ്ങളിൽ പ്രധാനിയാണ് മീഥെയ്ൻ. സൂര്യനിൽനിന്ന്എത്തുന്ന പ്രകാശത്തെ ആഗിരണംചെയ്ത് ഇത് ഭൂമിയിലെ ചൂട് വർധിപ്പിക്കുന്നു.

കന്നുകാലികൾ മീഥെയ്ൻ പുറന്തള്ളുന്നുവെന്ന് ലോകത്തിന് അറിയാമെങ്കിലും ഒരു പശു ഉത്പാദിപ്പിക്കുന്ന മീഥെയ്ന്റെ കൃത്യമായ അളവ് കണ്ടെത്തുക എളുപ്പമായിരുന്നില്ല. കന്നുകാലികളെ വലിയൊരു ചേംബറിനകത്തേക്ക് (ക്ലൈമറ്റ് ചേംബർ) കടത്തിവിട്ട് മീഥെയ്ൻ അളക്കുന്ന രീതിയായിരുന്നു സാധാരണമായുണ്ടായിരുന്നത്. എന്നാൽ, ഇതിൽ 30 മുതൽ 40 വരെ ശതമാനം വ്യത്യാസം പ്രകടമായിരുന്നു. ചേംബറിനകത്തേക്ക് കയറുമ്പോൾ പശുവിന് ആയാസം വർധിക്കുന്നതാണ് കണക്കിലെ മാറ്റങ്ങൾക്ക് പ്രധാന കാരണം. ശാസ്ത്രത്തിലെ ഈ സമസ്യയ്ക്ക് വെളിച്ചംപകരാനും കന്നുകാലികളിലെ മീഥെയ്ൻ പുറന്തള്ളലിനെ ക്ലേശമില്ലാതെ ചെറുക്കാനും കഴിയുമെന്നാണ് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയും (കെ.വി.എ. എസ്.യു.) ഇംഗ്ലണ്ടിലെ റോത്താംസ്റ്റഡ് റിസർച്ചും പങ്കാളിത്ത ഗവേഷണത്തിലൂടെ കണ്ടെത്തിയിരിക്കുന്നത്.

കന്നുകാലികളിൽനിന്നുള്ള മീഥെയ്ൻ ഉത്പാദനം കൃത്യതയോടെ കണ്ടെത്തുന്നത് കാലാവസ്ഥാപഠനങ്ങളിൽ വലിയ വെല്ലുവിളിയാണ്. പശുക്കൾക്ക് ഒരു സമ്മർദവുമുണ്ടാക്കാതെ, അവ ആഹാരം കഴിക്കുന്ന സമയത്ത് മീഥെയ്ൻ അളക്കാൻ ഞങ്ങളുടെ പരീക്ഷണത്തിൽ സാധിച്ചു.

## കുറ്റിമുല്ല കൃഷിചെയ്യാൻ ആഗ്രഹിക്കുന്നവരാണോ? അറിഞ്ഞിരിക്കാം ഈ കാര്യങ്ങൾ



ചൂടുള്ള വേനലും അമിതമാകാത്ത മഞ്ഞുകാലവുമാണ് കുറ്റിമുല്ല (കുടമുല്ല) കൃഷിക്ക് അനുയോജ്യം. വേരുപിടിപ്പിച്ചതോ മണ്ണിൽ പതിവെച്ചെടുക്കുന്ന തൈകളോ, മുറിച്ചെടുക്കുന്ന തണ്ടുകളോ നടാനെടുക്കാം. പുതുതായി കൃഷി തുടങ്ങുന്നവർക്ക് കേരള കാർഷിക സർലകലാശാലയുടെ മണ്ണുത്തിയിലെ സെൻട്രൽ നഴ്സറി, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, കൃഷിവകുപ്പിന്റെ കൃഷിത്തോട്ടങ്ങൾ എന്നിവിടങ്ങളിൽനിന്ന് നല്ല വേരുപിടിപ്പിച്ച തൈകൾ മിതവിലയ്ക്ക് വാങ്ങാം. മേയ്ജൂൺ മുതൽ ഓഗസ്റ്റു വരെയുള്ള മാസങ്ങളാണ് കുറ്റിമുല്ലയുടെ മുഖ്യനടീൽകാലം. 45 സെന്റീമീറ്റർ നീളം, വീതി, ആഴം എന്ന അളവിൽ കുഴികളെടുത്ത് ഒരാഴ്ച മൂടാതെയിടുക. കുഴികൾ തമ്മിൽ 1.2 മീറ്റർ ഇടയകലം വേണം. ഈയകലത്തിൽ ഒരു സെന്റ് സ്ഥലത്ത് 25 കുഴി കുത്താം. കുഴിയൊന്നിന് മൂന്നുമുതൽ 15 കിലോവരെ ചാണകപ്പൊടി, 250 ഗ്രാം എല്ലുപൊടി, 150 ഗ്രാം വേപ്പിൻപിണ്ണാക്ക്, 100 ഗ്രാം കടലപ്പിണ്ണാക്ക് എന്നിവചേർത്ത് കുഴിമൂടണം.

ഒപ്പം മേൽമണ്ണും മണലും ചേർക്കുക. ഒരു കുഴിയിൽ വേരുപിടിപ്പിച്ച രണ്ട് തൈവീതം നടാം. വേനലിൽ, ആഴ്ചയിൽ ഒന്നോ രണ്ടോ തവണ നന നിർബന്ധം. 10 കിലോ ചാണകം, പത്തുലിറ്റർ ഗോമൂത്രം, രണ്ടുകിലോ ശർക്കര, രണ്ടുകിലോ ചെറുപയർ മുളപ്പിച്ചത്, ഒരുപിടി മേൽമണ്ണ്, 200 ലിറ്റർ വെള്ളം എന്നിവ ചേർത്ത് തയ്യാറാക്കുന്ന ജീവാമൃതം മുല്ലച്ചെടികൾക്ക് ഉത്തമ പുഷ്പിക്കൽ പ്രേരകമാണ്.

പുഷ്പോത്പാദനം വർധിപ്പിക്കുന്നതിൽ കൊമ്പുകോതൽ അഥവാ പ്രൂണിങ്ങിന് വലിയ സ്വാധീനമുണ്ട്. വളർച്ച തീർന്ന കമ്പുകൾ, ഉണങ്ങി രോഗം ബാധിച്ച ശിഖരങ്ങൾ തുടങ്ങിയവ മുറിച്ചുനീക്കണം. 4560 സെന്റിമീറ്റർ ഉയരത്തിൽ ചരിച്ചു മുറിക്കുന്നു. ഇങ്ങനെ മുറിച്ച കൊമ്പുകളുടെ അഗ്രഭാഗത്ത് ബോർഡോ കുഴമ്പ് പുരട്ടണം. ഒപ്പം നനയ്ക്കുകയും വളങ്ങൾ ചേർക്കുകയും വേണം. നട്ട് ആറുമാസത്തിനകം പൂവിടാൻ തുടങ്ങും. നാലാം മാസം ഉണ്ടാകുന്ന പൂങ്കുലകൾ നുള്ളിക്കളയണം. ഇടയ്ക്ക് വള്ളി പടർന്ന് വളരാൻ അനുവദിക്കരുത്. രണ്ടാംവർഷം മുതൽ ഏഴാം വർഷം വരെയാണ് ചെടികൾ പരമാവധി പൂക്കൾ തരുക.

## കർഷകർക്ക് വിലക്കിഴിവിൽ ഡ്രോണുകൾ നൽകാനൊരുങ്ങി കൃഷിവകുപ്പ്



കൃഷിസഹായിയായി എത്തുന്ന ഡ്രോണുകൾ ഇക്കാലത്ത് ആഡംബരമല്ല. തൊഴിലാളിക്ഷാമവും സമയനഷ്ടവും കൃഷിയിറക്കൽ കഠിനമാക്കി മാറ്റുന്നിടത്താണ് ഡ്രോണുകളുടെ സഹായം ഏറെ ആവശ്യമായി വരുന്നത്. കീടനിയന്ത്രണരംഗത്തും വളപ്രയോഗത്തിനും വ്യാപകമായി ഉപയോഗിക്കുന്ന ഡ്രോണുകൾ വിലക്കിഴിവോടെ കർഷകർക്കും പാടശേഖരസമിതികൾക്കും സ്വന്തമാക്കാൻ അവസരമൊരുങ്ങുന്നു. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും സബ്സിഡിയുണ്ട്.

ഡ്രോണുകൾ പ്രവർത്തിപ്പിക്കാൻ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ (ഡി.സി.സി.എ.) റിമോട്ട് പൈലറ്റ് ലൈസൻസ് കരസ്ഥമാക്കണം. കൃഷിവകുപ്പുമായി ബന്ധപ്പെട്ടാണ് അപേക്ഷകർ ലൈസൻസും പരിശീലനവും പൂർത്തിയാക്കേണ്ടത്.

കർഷകർക്ക് സംസ്ഥാന കൃഷിവകുപ്പിന്റെ കാർഷിക യന്ത്രവത്കരണ ഉപപദ്ധതിയിലൂടെ (എസ്.ഡബ്ല്യു.എ.എം.) സബ്സിഡി നിരക്കിൽ ഡ്രോണുകൾ വാങ്ങാം. http://agrimachinery.nic.in എന്ന വെബ്സൈറ്റിൽ അപേക്ഷ നൽകി രജിസ്ട്രേഷൻ പൂർത്തിയാക്കണം. 40 മുതൽ 50 ശതമാനം വരെയാണ് സബ്സിഡി. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്ക് (എഫ്.പി.ഒ) ഡ്രോണുകൾ വാങ്ങാൻ അതത് ബ്ലോക്ക് കൃഷി അസി. ഡയറക്ടർക്ക് നിശ്ചിതഫോറത്തിൽ അപേക്ഷ നൽകണം.

എഫ്.പി.ഒ.കൾക്ക് 75 ശതമാനം വരെയാണ് സബ്സിഡി. സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജ്യറിൽ (എസ്.ഒ.പി.) നിർദേശിക്കുന്ന മരുന്നുകൾ മാത്രമേ ഡ്രോൺ വഴി കൃഷിയിടത്തിൽ തളിക്കാൻ കർഷകർക്ക് അനുമതിയുള്ളൂ.

# കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുന്നു: പർഷോത്തം രൂപാല




**കൊച്ചി:** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കാർഷിക മേഖലയിൽ ഉൾപ്പടെ, എല്ലാ മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് കേന്ദ്ര ഫിഷറീസ്, മൃഗ സംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീ പർഷോത്തം രൂപാല . കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നിരവധി പദ്ധതികളാണ് കേന്ദ്രം ഇതിനോടകം ആവിഷ്കരിച്ച് നടപ്പാക്കിയതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേന്ദ്ര സംരംഭമായ സാഗർ പരിക്രമ യാത്രയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി ഇന്ന് കൊച്ചിയിൽ എഫ് പി ഒ മാർക്കറ്റിംഗ് മീറ്റായ ബിസിനെസ്സ് മീറ്റ് 23 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യമെമ്പാടുമുള്ള മത്സ്യത്തൊഴിലാളികൾ അവരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിന് പിന്തുണ നൽകണമെന്ന് ഉയർന്ന ആവശ്യം കണക്കിലെടുത്ത് പ്രധാനമന്ത്രി ഫിഷറീസ് പ്രത്യേക വകുപ്പ് സ്ഥാപിച്ചുവെന്നും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം 2014 വരെ മത്സ്യമേഖലയിലെ നിക്ഷേപം ഏകദേശം 3,681 കോടി രൂപ മാത്രമാണെന്നും ശ്രീ പർഷോത്തം രൂപാല അറിയിച്ചു. അടിസ്ഥാന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി മത്സ്യമേഖലയിൽ 32,000 കോടി രൂപ നീക്കിവച്ച് 2014 മുതൽ പിഎംഎംഎസ്വൈ, എഫ്ഐഡിഎഫ് തുടങ്ങിയ പദ്ധതികൾ ഗവൺമെന്റ് അവതരിപ്പിച്ചതായും അദ്ദേഹം അറിയിച്ചു.

കാർഷിക മേഖലക്ക് മാത്രമായി 2.5 ലക്ഷം കോടി രൂപ ഈ ഗവൺമെന്റ് ഇതുവരെ നീക്കി വച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു

മൃഗ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന നൂതന പദ്ധതികളെ കുറിച്ച് പരാമർശിക്കവെ, ആദ്യമായി മൃഗ പരിചരണത്തിനായി 100 ശതമാനം ഗ്രാന്റോടെ മൊബൈൽ വെറ്റിനറി യൂണിറ്റുകൾ ആരംഭിച്ചതായും അദ്ദേഹം എടുത്തു പറഞ്ഞു.

കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ അവരുടെ വിളകൾക്ക് നല്ല വില ലഭിക്കാൻ കൂടുതൽ ശ്രമിക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു.

സർക്കാരിന്റെ പദ്ധതികൾ കർഷകരിലെത്തിക്കാനും നടപ്പാക്കാനും എഫ്പിഒകൾ ശ്രമിക്കണമെന്നും ശ്രീ രൂപാല പറഞ്ഞു.

ശ്രീ പർഷോത്തം രൂപാല ബിസിനസ് മീറ്റ് 23 യുടെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും വിവിധ സ്റ്റാളുകൾ സന്ദർശിക്കുകയും ചെയ്തു .

ജൂൺ 7 ന് ആരംഭിച്ച സാഗർ പരിക്രമ യാത്രയുടെ ഭാഗമായി കേന്ദ്ര മന്ത്രിമാരായ ശ്രീ പർഷോത്തം രൂപാല, ഡോ എൽ. മുരുകൻ എന്നിവർ അടങ്ങുന്ന മന്ത്രിതല സംഘം ഇതുവരെ കാസർഗോഡ് , മാഹി , കോഴിക്കോട്, തൃശ്ശൂർ എന്നീ പ്രദേശങ്ങൾ സന്ദർശിക്കുകയും മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്നവരുമായും മത്സ്യ തൊഴിലാളികളുമായും സംവദിക്കുകയും ചെയ്തു

മത്സ്യത്തൊഴിലാളികളെയും മത്സ്യകർഷകരെയും വിവിധ ഗവൺമെൻറ് പദ്ധതികളുടെ ഗുണഭോക്താക്കളെയും കാണാനും സംവദിക്കാനും അവരുടെ പ്രശ്നങ്ങളെ അറിയാനും രാജ്യത്തെ മത്സ്യബന്ധന മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്താനുമുള്ള അവരുടെ നിർദ്ദേശങ്ങൾ മനസ്സിലാക്കാനും പരിപാടി ലക്ഷ്യമിടുന്നു.

## ശബരിമല പരമ്പരാഗത കാനനപാത ബിഎസ്എൻഎൽ റേഞ്ചിലേക്ക്

**എരുമേലി:** ശബരിമലയിലേക്കുള്ള പരമ്പരാഗത കാനന പാതയിൽ മൊബൈൽ ഫോൺ റേഞ്ച് ലഭിക്കുന്ന വിധം ബിഎസ്എൻഎൽ കാളകെട്ടിയിൽ ടവർ സ്ഥാപിക്കുന്നു. ഇതോടെ കാനനപാതയിൽ 12 കിലോമീറ്റർ ദൂരത്തിൽ മൊബൈൽ റേഞ്ച് ലഭിക്കും. കല്ലിടാംകുന്ന് ടോപ് വരെ റേഞ്ച് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാളകെട്ടി ക്ഷേത്രത്തിന്റെ കവാടത്തിന് സമീപമാണ് ഇതിനായി സ്ഥലം നോക്കുന്നത്. സ്ഥലം വനം വകുപ്പിന്റേതാണ്. ഇത് അനുയോജ്യമെന്നാണു ബിഎസ്എൻഎൽ കണ്ടെത്തിയത്. ഇതിനു വനാവകാശ ഊരുകൂട്ടം അനുമതി ലഭ്യമാക്കി.

പരമ്പരാഗത കാനനപാത വഴി കാൽനടയായി പോകുന്ന തീർഥാടകരും സന്നദ്ധ പ്രവർത്തകരും സർക്കാർ ഏജൻസി പ്രവർത്തകരും നേരിടുന്ന പ്രതിസന്ധി മൊബൈൽ ഫോൺ സിഗ്നലില്ല എന്നതാണ്. കഴിഞ്ഞ മണ്ഡല, മകരവിളക്ക് സീസൺ കാലത്ത് മാത്രം 4.15 ലക്ഷം പേരാണു കാനനപാത വഴി പോയത്. കാളകെട്ടി ശിവപാർവതി ക്ഷേത്രം മുതൽ അഴുതക്കടവ് വരെ കാനനപാതയിൽ തീർഥാടകർ തിങ്ങിനിറഞ്ഞതോടെ മണിക്കൂറുകളോളം യാത്രാതടസ്സം ഉണ്ടായി.

തീർഥാടകർക്കു യാത്രയ്ക്കിടയിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആശുപത്രിയിൽ എത്തിക്കുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും മൊബൈൽ ഫോൺ സേവനം ഇല്ലാത്തത് ഏറെ ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു. പരമ്പരാഗത പാതയിൽ മൊബൈൽ സേവനം ഇല്ലാത്തതിനാൽ വനം വകുപ്പ് ഉദ്യോഗസ്ഥർ വോക്കിടോക്കിയാണു ഉപയോഗിച്ചിരുന്നത്.കോവിഡ് കാലത്ത് ഏറെ പ്രതിസന്ധി നേരിട്ടത് കാളകെട്ടി മേഖലയിൽ വിദ്യാർഥികൾക്ക് ഓൺലൈൻ പഠനസൗകര്യം ഇല്ലാതെ വന്നതാണ്.

85 കുടുംബങ്ങൾ താമസിക്കുന്ന ആദിവാസി ഊരിൽ ഇവിടത്തെ വിദ്യാർഥികൾക്ക് കംപ്യൂട്ടറുകളും മറ്റു പഠനോപകരണങ്ങളും ലഭ്യമാക്കിയെങ്കിലും നെറ്റ്?വർക്ക് കവറേജ് ഇല്ലാത്തുമൂലം ഇവർക്ക് ഓൺലൈൻ പഠനം നടത്താൻ കഴിഞ്ഞില്ല. ടവർ സ്ഥാപിക്കുന്നതോടെ ഈ പ്രതിസന്ധി പരിഹരിക്കപ്പെടും.



# പള്ളിവാസൽ വൈദ്യുതി വിപുലീകരണ പദ്ധതി നവംബറിൽ കമ്മിഷൻ ചെയ്യും

**മൂന്നാർ:** പള്ളിവാസൽ വൈദ്യുതി വിപുലീകരണ പദ്ധതിയുടെ നിർമാണം അവസാന ഘട്ടത്തിലെത്തി. ഈ വർഷം നവംബറിൽ പദ്ധതി കമ്മിഷൻ ചെയ്യാനുള്ള ഒരുക്കത്തിലാണ് വൈദ്യുതി വകുപ്പ്. പദ്ധതിയുടെ ഭാഗമായി പള്ളിവാസലിലേക്ക് വെള്ളം കൊണ്ടു പോകുന്ന പഴയ മൂന്നാറിൽ പുതുതായി നിർമിച്ച ടണൽ മുഖത്ത് കഴിഞ്ഞ ദിവസം രണ്ട് ഷട്ടറുകൾ സ്ഥാപിച്ചു. പുതിയ പദ്ധതിയുടെ ഭാഗമായി പള്ളിവാസലിലെ പഴയ പവർഹൗസിനു സമീപത്ത് നിർമിച്ച പുതിയ പവർഹൗസിൽ ടർബൻ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്.

യന്ത്രങ്ങൾ സ്ഥാപിച്ച് ട്രയൽ റൺ നടത്തിയ ശേഷം നവംബർ ആദ്യവാരം തന്നെ പദ്ധതി കമ്മിഷൻ ചെയ്യുമെന്ന് വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. പള്ളിവാസൽ പദ്ധതിയുടെ ഭാഗമായ മാട്ടുപ്പെട്ടി പവർഹൗസിൽ വൈദ്യുതോൽപാദനത്തിനുശേഷം പുറന്തള്ളുന്ന വെള്ളമുപയോഗിച്ച് 60 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2001 ജനുവരി 20നു പള്ളിവാസൽ വൈദ്യുതി വിപുലീകരണ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത്. 310 കോടി രൂപയായിരുന്നു പദ്ധതിക്കായി അനുവദിച്ചത്.എന്നാൽ പിന്നീട് സർക്കാർ ഈ തുക പല തവണകളായി വർധിപ്പിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി വെള്ളം കൊണ്ടു പോകുന്നതിനായി പഴയ മൂന്നാർ ഹൈഡൽ പാർക്കിനു സമീപത്തു നിന്ന് മൂന്നര കിലോമീറ്റർ ദൂരത്തിലുള്ള തുരങ്ക നിർമാണം അടുത്തിയിടെയാണ് പൂർത്തിയാക്കിയത്. 2001ൽ പദ്ധതി പ്രഖ്യാപിച്ചെങ്കിലും വിവിധ കാരണങ്ങൾ കൊണ്ട് വർഷങ്ങൾ കഴിഞ്ഞാണ് നിർമാണം ആരംഭിച്ചത്.

# ഇൻസ്റ്റാഗ്രാം ഗിവ് എവേയുടെ ഹരിതമാതൃകയുമായി യുവസംരംഭകൻ

**മലപ്പുറം:** സമൂഹമാധ്യമങ്ങളിൽ പിന്തുടരുന്നവരുടെ എണ്ണം കൂട്ടാൻ സമ്മാനങ്ങൾ നൽകുന്ന ഗിവ് എവേയ് ക്യാമ്പയിനുകൾക്ക് വലിയ സ്വീകാര്യതയാണ് ഇക്കാലത്ത്. അത്തരം പ്രചാരണരീതിയെ പരസ്യത്തിനൊപ്പം പരിസ്ഥിതി അവബോധം വളർത്താനുള്ള വഴിയാക്കി മാറ്റിയിരിക്കുകയാണ് ഷിബിലി റഹ്മാൻ എന്ന യുവസംരംഭകൻ.

കൊച്ചി ആസ്ഥാനമായ റോയൽ ട്രേഡേഴ്സ് അക്കാഡമിയെന്ന തൻറെ സാമ്പത്തിക സാക്ഷരതാ സ്ഥാപനത്തിൻറെ ഇൻസ്റ്റാഗ്രാം വഴിയുള്ള പ്രചാരണത്തിലൂടെ നൂറു കണക്കിന് മരങ്ങൾ നടാനുള്ള വഴിയാണ് മലപ്പുറം തിരൂർ സ്വദേശിയായ ഷിബിലി ഒരുക്കിയത്.

മെയ് മാസം ആരംഭിച്ച പ്രചാരണത്തിന്റെ ഭാഗമായാണ് ഷിബിലി ഇൻസ്റ്റാഗ്രാമിലൂടെ പ്രകൃതിസംരക്ഷണത്തിന്റെ സന്ദേശം ജനങ്ങളിലെത്തിച്ചത്. തിരഞ്ഞെടുക്കപ്പെടുന്ന മൂന്നു പേർക്ക് മുപ്പതിനായിരം രൂപ സമ്മാനമായി നേടാനുള്ള അവസരമാണ് ഗിവ് എവേയ് ഒരുക്കിയത്. പങ്കെടുക്കുന്നവരോട് തങ്ങളുടെ പേജുകൾ ഫോളോ ചെയ്യുന്നതിനൊപ്പം ഒരു മരം നട്ട് അതിനൊപ്പമുള്ള ചിത്രം ഇൻസ്റ്റാ സ്റ്റോറിയായി പോസ്റ്റ് ചെയ്യാനുമാവശ്യപ്പെട്ടിരുന്നു. തുടർന്ന് പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് മരത്തിന്റെ അന്നത്തെ അവസ്ഥ കാണിക്കുന്ന മറ്റൊരു ചിത്രവും സ്റ്റോറിയാക്കാൻ ആവശ്യപ്പെട്ടു.


ഷിബിലി റഹ്മാൻ

നൂറുകണക്കിന് ഇൻസ്റ്റാഗ്രാം ഉപഭോക്താക്കളാണ് ഇതിനോട് പ്രതികരിച്ചത്. ഇവരിൽ നിന്ന് തിരഞ്ഞെടുത്ത സൈനു കവനൂർ, ആദിൽ തിരൂർ, ഷഹീൻ കൊച്ചി എന്നിവർ വിജയികളായി. വിജയികൾക്ക് പതിനായിരം രൂപ വീതമാണ് ലഭിക്കുക. തിരഞ്ഞെടുത്ത അഞ്ചുപേർക്ക് പ്രോത്സാഹന സമ്മാനങ്ങളും പ്രഖ്യാപിച്ചിരുന്നു.എല്ലാവരും ലൈക്കിനും ഷെയറിനുമായി മാത്രം ഗിവ് എവേയ് ക്യാമ്പയ്നുകൾ നടത്തുമ്പോൾ അതുപയോഗിച്ച് സമൂഹത്തിനു പ്രയോജനമുള്ള ഒരു സന്ദേശം പകരുകയെന്ന ലക്ഷ്യത്തോടെയാണ് പ്രചാരണം നടത്തിയതെന്ന് ഷിബിലി പറഞ്ഞു.

സമൂഹമാധ്യമങ്ങളിൽ അമിതമായി സമയം ചിലവഴിക്കുന്ന യുവാക്കളെ ഇൻസ്റ്റാഗ്രാം ഉപയോഗിച്ച് തന്നെ സമൂഹത്തിനു വേണ്ടി പ്രവർത്തിക്കാൻ പ്രചോദിപ്പിക്കുകയെന്ന ലക്ഷ്യം കൂടിയുണ്ടായിരുന്നെന്നും ഷിബിലി പറഞ്ഞു.

# ആരോഗ്യ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം : മന്ത്രി റോഷി അഗസ്റ്റിൻ

**ഇടുക്കി:** ആരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ ആരോഗ്യ ടൂറിസത്തിന്റെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തണമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ . ഇടുക്കി മെഡിക്കൽ കോളേജിൽ നടന്ന അസ്ഥിരോഗ വിദഗ്ധരുടെ ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഓർത്തോപീഡിക്സ് വിഭാഗം വലിയ രീതിയിൽ പുരോഗതി കൈവരിച്ച് വരികയാണ് . കുറഞ്ഞ ചികിത്സാചെലവിൽ ചികിത്സ തേടിയാണ് സംസ്ഥാനത്തേക്ക് രാജ്യത്തിന്റെ വിവിധയിടങ്ങളിൽ നിന്ന് ആളുകളെത്തുന്നത്. ദേശീയ തലത്തിൽ നിന്നുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തി സെമിനാർ സംഘടിപ്പിക്കാൻ കഴിഞ്ഞത് നേട്ടമാണെന്നും മന്ത്രി പറഞ്ഞു. ഇടുക്കി മെഡിക്കൽ കോളേജ് ഓർത്തോപീഡിക്സ് വിഭാഗവും ഇന്ത്യൻ ഓർത്തോപീഡിക് അസോസിയേഷനും സംയുക്തമായാണ് ദേശീയ സെമിനാർ സംഘടിപ്പിച്ചത്. രാജ്യത്തിന്റെ വിവിധയിടങ്ങളിൽ നിന്നായി 150 ൽ അധികം അസ്ഥിരോഗ വിദഗ്ധർ സെമിനാറിൽ പങ്കെടുത്തു. ഇന്ത്യൻ ഓർത്തോ പീഡിക്സ് അസോസിയേഷൻ പ്രസിഡന്റ് ഡോ. രമേഷ് സെൻ അധ്യക്ഷത വഹിച്ചു. മെഡിക്കൽ കോളേജ് ഓർത്തോപീഡിക്സ് പ്രൊഫസർ ഡോ. വിനേഷ് സേനൻ, അസ്ഥിരോഗ വിദഗ്ധരായ ഡോ. കാർത്തിക് കൈലാസ്, ഡോ. പ്രദീപ് കൊട്ടാടിയ, ഡോ. മിജേഷ് എന്നിവർ സംസാരിച്ചു

# മീനിനും ഇറച്ചിക്കും തീവില; തമിഴ്നാട്ടിൽ നിന്ന് കോഴിയില്ല, കടലിൽ നിന്ന് മീനുമില്ല

**കോട്ടയം:** മീൻ, ഇറച്ചി വില കുതിക്കുന്നു, അടുക്കളയിൽ ഇനി കൈപൊള്ളും. നിയന്ത്രണങ്ങളില്ലാതെ കോഴിയിറച്ചി വില ഉയരുന്നതിനിടെ ഇരുട്ടടിയായി മീനിന്റെ വിലയും ഉയരുന്നു. കനത്ത ചൂടിൽ കോഴിക്കുഞ്ഞുങ്ങൾ ചാകുന്നുവെന്നും അതിനാൽ ഉൽപാദനം കുറഞ്ഞെന്നുമുള്ള കാരണം പറഞ്ഞാണ് ഇതരസംസ്ഥാന ലോബികൾ കോഴിവില കുത്തനെ കൂട്ടിയത്. കഴിഞ്ഞമാസം കിലോയ്ക്കു 116,120 വിലയുണ്ടായിരുന്ന കോഴിയിറച്ചി ഇന്നലെ കോട്ടയം മാർക്കറ്റിൽ 166,170 വിലയ്ക്കാണു വിറ്റത്. 10 ദിവസത്തിനുള്ളിൽ 50, 70 രൂപയുടെ വർധനയാണുണ്ടായത്. ജില്ലയിൽ ഭൂരിപക്ഷം കടകളിലും തമിഴ്നാട് ഉൾപ്പെടെയുള്ള ഇതരസംസ്ഥാനത്തു നിന്നെത്തുന്ന കോഴികളാണു വിൽക്കുന്നത്. തലയോലപ്പറമ്പ്, വൈക്കം എന്നിവിടങ്ങളിലെ ഫാമുകളിൽ നിന്നു ചിലയിടങ്ങളിൽ ചെറിയ അളവുകളിൽ ലോഡ് എത്തും.

ഇവയുടെ വിലയ്ക്കും വ്യത്യാസമില്ല. വില ഉയർന്നതോടെ വിൽപന കുറഞ്ഞെന്ന പരാതിയും വ്യാപാരികൾ പറയുന്നു. ഇറച്ചിക്കൊപ്പം കോഴിമുട്ടയുടെ



വില 5.50 രൂപയിൽ നിന്ന് 6 രൂപയിലേക്ക് ഉയർന്നത് ഹോട്ടൽ ബിൽ ഉയർത്തും. കോഴിയിറച്ചി, മുട്ട അടങ്ങുന്ന വിഭവങ്ങളുടെ വില കൂട്ടാതെ മറ്റു നിർവാഹമില്ലെന്നാണു ഹോട്ടലുടമകൾ പറയുന്നത്.

കേരളത്തിലേക്കെത്തുന്ന ഇറച്ചിക്കോഴിയുടെ വില നിയന്ത്രണം കൈകാര്യം ചെയ്യുന്നത് തമിഴ്നാട് ബ്രോയിലർ കോഓർഡിനേഷൻ കമ്മിറ്റിയാണ്. ഓഫ് സീസണുകളിൽ പോലും കോഴിയുടെ വില ഉയർത്തുന്നത് ഇവരാണന്നാണു വ്യാപാരികൾ പറയുന്നത്.

തമിഴ്നാട്ടിലെ ഉൽപാദനത്തിൽ തുടങ്ങി കേരളത്തിൽ ഏതു വിലയ്ക്ക് ഇറച്ചിക്കോഴി വിൽക്കണമെന്നു വരെ നിശ്ചയിക്കുന്നത് ഇവരാണ്.

സംസ്ഥാനത്തെ വിലനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തതും ഇവർക്കു വളമാകുന്നു. കേരളത്തിലെ ഫാമുകളിൽ വളർത്താനായി കോഴിക്കുഞ്ഞുങ്ങളെ ഇവിടേക്കു വിതരണം ചെയ്യുന്നതും ഇവരിലൂടെത്തന്നെയാണ്. ഇവിടത്തെ ഫാമുകളിൽ ഉൽപാദനം മെച്ചപ്പെട്ടാൽ ഉടനെ ഗണ്യമായി വില കുറച്ചു കേരളത്തിലെത്തിക്കും.

ഇതോടെ കേരളത്തിലെ ഫാമുടമകളും കുറഞ്ഞ വിലയിൽ വിൽക്കാൻ നിർബന്ധിതരാവുകയും വരുമാനം കുത്തനെ കുറഞ്ഞു സ്ഥാപനം പൂട്ടേണ്ടി വരുകയും ചെയ്യും. ഇതിനെയെല്ലാം മറികടക്കാൻ 87 രൂപയ്ക്ക് ഇറച്ചിക്കോഴി നൽകുമെന്ന് പറഞ്ഞ കേരള ചിക്കൻ പദ്ധതി ലക്ഷ്യം കാണാതെ പോയതും വില ഉയരാൻ കാരണമാകുന്നു.

കടലിൽ നിന്നു മത്സ്യലഭ്യത കുറഞ്ഞതോടെ വിപണിയിൽ കഴിഞ്ഞദിവസം മുതൽ വില കുത്തനെ ഉയർന്നിരുന്നു. ഇന്നലെ മുതൽ ട്രോളിങ് നിരോധനം കൂടി ആരംഭിച്ചതോടെ തീവിലയായി. കഴിഞ്ഞയാഴ്ച കിലോയ്ക്ക് 120, 140 രൂപയുണ്ടായിരുന്ന മത്തിക്ക് ഇന്നലെ 260 രൂപയായിരുന്നു. 160 രൂപയുണ്ടായിരുന്ന വലിയ അയല 280 രൂപയായി. ചെറിയ കിളിമീൻ 160ൽ നിന്നു 220ലേക്കു കടന്നു. കാലവർഷം കനക്കുന്നതോടെ പുല്ലൻ, പള്ളത്തി, കാരി, വരാൽ, പരൽ തുടങ്ങിയ ആറ്റുമീനുകൾ ധാരാളമായി എത്തുന്നുണ്ടെന്നും വ്യാപാരികൾ പറയുന്നു.

## ഐ. എച്ച്. ആർ. ഡികളിൽ ബിരുദാനന്തര ബിരുദ പ്രവേശനം

**ആലപ്പുഴ:** കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ്സ് ഡവലപ്പ്മെന്റിന്റെ കീഴിൽ കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അപ്ലൈഡ് സയൻസ് കോളേജുകളിൽ 2023 24 അദ്ധ്യയന വർഷത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അർഹരായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.ihrdadmissions.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 1000/രൂപ (എസ്.സി,എസ്.റ്റി 350/രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കേണ്ടതാണ്. കോളേജുകൾ:അടൂർ (04734 224076, 8547005045), ധനുവച്ചപുരം (04712234374, 9495877099), മാവേലിക്കര (04792304494, 04792341020, 8547005046), കാർത്തികപ്പള്ളി (0479 2485370, 2485852, 8547005018), പെരിശ്ശേരി (04792456499,8547005006).

## ട്യൂഷൻ അധ്യാപകരെ നിയമിക്കുന്നു

**ആലപ്പുഴ:** അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ കരുമാടിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക്ക് ഹോസ്റ്റലിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ട്യൂഷൻ നൽകുന്നതിന് അധ്യാപികമാരെ നിയമിക്കുന്നു. ഹൈസ്കൂളിലേക്ക് ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, ബയോളജി, ഫിസിക്സ്/ കെമസ്ട്രി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഒരു അധ്യാപിക വീതം അഞ്ചു പേരെ ആവശ്യമുണ്ട്. യോഗ്യത: ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദം/ബിരുദാനന്തര ബിരുദം. ബി.എഡ്. പ്രൈമറി ക്ലാസിലേക്ക് മൂന്നു അധ്യാപികമാരെ ആവശ്യമുണ്ട്. യോഗ്യത: പ്ലസ്ടു, ബി.എഡ്/ ടി.ടി.സി. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ടവർക്ക് മുൻഗണന. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ, പകർപ്പ് സഹിതം അപേക്ഷ ജൂൺ 15 ന് രാവിലെ 10.30ന് അമ്പലപ്പുഴ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ എത്തണം.

## വനാമി ചെമ്മിൻ കൃഷിക്ക് അപേക്ഷ ക്ഷണിച്ചു

**കണ്ണൂർ:** സർക്കാരിന്റെ വനാമി ചെമ്മിൻകൃഷി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോമിന്റെ മാതൃക, ധനസഹായം സംബന്ധിച്ച വിവരങ്ങൾ എന്നിവ അഡാക്കിന്റെ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ രേഖകൾ സഹിതം, റീജിയണൽ ഓഫീസ്, ഏജൻസി ഫോർ ഡവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള, നോർത്ത് സോൺ, ഏരഞ്ഞോളി പോസ്റ്റ്, തലശ്ശേരി, കണ്ണൂർ 670 107 എന്ന വിലാസത്തിൽ ജൂൺ 26 ന് വൈകുന്നേരം അഞ്ച് മണിക്ക് മുൻപ് ലഭിക്കണം. കുടുതൽ വിവരങ്ങൾക്ക് :0490 2354073

## ചലച്ചിത്ര പഠന ക്യാമ്പ് സംഘടിപ്പിച്ചു



**കൊച്ചി:** മാക്ടയും സിഎൽഎസ്എൽ ഉം ചേർന്ന് എറണാകുളത്ത് ത്രിദിന ചലച്ചിത്ര പഠന ക്യാമ്പ് സംഘടിപ്പിച്ചു. വൈറ്റില മെർമെയ്ഡ് ഹോട്ടലിൽ നടന്ന ക്യാംപ് ഫെഫ്ക ജനറൽ സെക്രട്ടറിയും ചലച്ചിത്ര സംവിധായകനുമായ ബി.ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മാക്ട ചെയർമാൻ മെക്കാർട്ടിൻ അധ്യക്ഷത വഹിച്ചു. ചലച്ചിത്ര സംവിധായകൻ സിദ്ദിഖ് ക്യാമ്പ് അംഗങ്ങളുമായി സംവദിച്ചു. മെക്കാർട്ടിനും സന്തോഷ് വിശ്വനാഥും ക്ലാസ്സുകൾക്ക നേതൃത്വം നൽകി

## വിദ്യാർഥികൾക്കായി വാഹനം:വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജർമാരുടെ യോഗം

**കൊച്ചി:** നോർത്ത് പറവൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ / കോളേജ് ഉടമസ്ഥതയിൽ ഉള്ള വാഹനങ്ങളുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ ബസ് മാനേജർമാർക്കായി ജി പി എസ്, സുരക്ഷാ മിത്ര വെബ് സൈറ്റ്, വിദ്യാ വാഹൻ മൊബൈൽ ആപ്പ്  എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന  മീറ്റിംഗ് ജൂൺ 17ന് രാവിലെ 9 ന് നോർത്ത് പറവൂർ ഇൻഫന്റ് ജീസസ് സ്കൂളിൽ നടത്തും. എല്ലാ സ്കൂൾ / കോളേജ് ബസ് മാനേജർമാരുംഈ മീറ്റിംഗിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക്   9188961442.

## ജില്ലയുടെ തീരദേശ പരിപാലന പ്ലാൻ: പബ്ലിക് ഹിയറിങ് ഇന്ന്

2019 ലെ  തീരദേശ പരിപാലന പ്ലാനിന്റെ  കരടിന്മേലുള്ള നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിനുള്ള പബ്ലിക് ഹിയറിംഗ് ഇന്ന് രാവിലെ 10.30 മുതൽ കടവന്ത്ര റീജണൽ  സ്പോർട്സ്  സെന്ററിൽ നടക്കും. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന പബ്ലിക് ഹിയറിങാണ് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി പരിപാടിയിൽ പങ്കെടുക്കുന്നതിന് കടവന്ത്രയിലേക്ക് മാറ്റിയതെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. 2019 ലെ തീരദേശ പരിപാലന നിയമപ്രകാരം നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (ചഇഋടട) തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനിൽ, ജില്ലയിലെ കൊച്ചി കോർപറേഷൻ, 6 നഗരസഭകൾ, 25 പഞ്ചായത്തുകളുമാണ് ഉൾപ്പെടുന്നത്.
coastal.ketlron.org, keralaczma.gov.in എന്നീ വെബ് സൈറ്റുകളിലും, ജില്ലാ കളക്ടറേറ്റ്, നഗരാസൂത്രണ ഓഫീസ്, തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്ലാനിന്റെ കരട് ലഭ്യമാണ്.
തീരദേശ പരിപാലന അതോറിറ്റിയുടെ വിദഗ്ധർ പങ്കെടുക്കുന്ന ഹിയറിങ്ങിൽ, പ്ലാനിന്മേൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും നേരിട്ടും രേഖാമൂലവും സമർപ്പിക്കുന്നതിനുള്ള അവസരം ഉായിരിക്കും. കൂടാതെ, പൊതു ജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോറിറ്റി, നാലാം നില, കെ.എസ്. ആർ.ടി.സി. ബസ് ടെർമിനൽ, തമ്പാനൂർ, തിരുവനന്തപുരം  695001 എന്ന വിലാസത്തിലോ, kzmasandtd@gmail.com എന്ന ഇമെയിൽ വിലാസത്തിലോ, coastal.ketlron.org എന്ന വെബ്സൈറ്റിലൂടെയോ നൽകാം.

# ഓപ്പറേഷൻ വാഹിനിയുടെ രണ്ടാംഘട്ടത്തിന് തുടക്കമായി



**കൊച്ചി:** ജില്ലയിലെ പ്രധാന ജലാശയങ്ങളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് ചെളിയും എക്കലും പോളയും നീക്കം ചെയ്യുന്ന ഓപ്പറേഷൻ വാഹിനിയുടെ രണ്ടാം ഘട്ടം 20 ദിവസം കൊണ്ട് പൂർത്തിയാക്കുമെന്ന്  മന്ത്രി പി രാജീവ് പറഞ്ഞു. രണ്ടാംഘട്ടം ആരംഭിച്ച മുട്ടാർ പുഴയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിക്കുകയായിരുന്നു മന്ത്രി.രണ്ട് പ്രളയാനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ്  കഴിഞ്ഞവർഷം ഓപ്പറേഷൻ വാഹിനിക്ക് തുടക്കം കുറിച്ചത്. പുഴയിലൂടെ ഒഴുകിവരുന്ന വെള്ളം കൈവഴികളിലൂടെ കായലിലേക്കും കടലിലേക്കും സുഗമമായി പോകുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചത്. കഴിഞ്ഞ തവണ മികച്ച രീതിയിൽ നടപ്പിലാക്കുവാൻ കഴിഞ്ഞു. 30 കോടി രൂപ ചെലവഴിച്ചു. ഇത്തവണ 4.46 കോടി രൂപയാണ് ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് അനുവദിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.മുട്ടാർ പുഴ,  മാഞ്ഞാലി തോട്, ഇടപ്പള്ളി തോട്, കൈപ്പെട്ടിപ്പുഴ തോട് ഉൾപ്പെടെ ജില്ലയിലെ പ്രധാന  38 ജലാശയങ്ങളിലെ നീരൊഴുക്ക് സുഗമമാക്കുന്നതാണ് ഓപ്പറേഷൻ വാഹിനിയുടെ രണ്ടാം ഘട്ടം. മുട്ടാർ പുഴയിലെ പ്രവർത്തനങ്ങൾ കഴിഞ്ഞദിവസം ആരംഭിച്ചു. ചെളി നിൽക്കുന്നതിനും മറ്റുമായി 12 യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.  പദ്ധതിയുടെ ഭാഗമായി വൈപ്പിൻ മേഖലയിലെ കായൽ മുഖങ്ങളിലൂടെ ജലമൊഴുക്ക്  സുഗമമാകുവെന്നും മന്ത്രി പറഞ്ഞു.ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പ്രധാന ചുമതലയിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി വിജയകരമായി നടപ്പിലാക്കിയതു മൂലം കഴിഞ്ഞ മഴക്കാലത്ത് ജില്ലയിൽ പെരിയാറിന്റേയും മൂവാറ്റുപുഴയാറിന്റെയും കരയിലെ പല പ്രദേശങ്ങളേയും വെള്ളപ്പൊക്കം ബാധിച്ചിരുന്നില്ല.ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ്, ഏലൂർ നഗരസഭ ചെയർമാൻ എ.ഡി സുജിൽ, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ഉഷാ ബിന്ദു മോൾ, മൈനർ ഇറിഗേഷൻ  സൂപ്രണ്ടിംഗ് എൻജിനീയർ ബാജി ചന്ദ്രൻ, മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബി. അബ്ബാസ് തുടങ്ങിയവർ പങ്കെടുത്തു.

# പ്രതിസന്ധി നേരിടുന്ന ജനവിഭാഗങ്ങളെ ചേർത്തുപിടിക്കാൻ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിയണം:  മന്ത്രി പി.രാജീവ്




**കൊച്ചി:** സഹകരണ പ്രസ്ഥാനത്തിന്റെ മികച്ച പ്രവർത്തനങ്ങളുടെ തെളിവാണ് ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതെന്നും പ്രതിസന്ധി നേരിടുന്ന ജനവിഭാഗങ്ങളെ ചേർത്തുപിടിക്കാൻ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിയണമെന്നും വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ചെങ്ങമനാട് സർവീസ് സഹകരണ ബാങ്കിന്റെ നവീകരിച്ച ഹെഡ് ഓഫീസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.പുതിയ കാലത്തിനനുസരിച്ച് സഹകരണ മേഖല സമഗ്രമായ മാറ്റത്തിന് ഒരുങ്ങുകയാണ്. ഡയറക്ടർ ബോർഡിലേക്കുള്ള ഇലക്ഷനിൽ ഒരു വ്യക്തിയെ രണ്ടിൽ കൂടുതൽ തവണ മത്സരിക്കാൻ അനുവദിക്കാത്ത വിധം ഭേദഗതി കൊണ്ടുവരും. പുതിയ ആളുകൾക്ക് പ്രാതിനിധ്യം ഉറപ്പാക്കും. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് ജനങ്ങൾ അർപ്പിക്കുന്ന  വിശ്വാസങ്ങൾക്ക് കോട്ടം തട്ടാതെ പ്രവർത്തിക്കാൻ സഹകരണ പ്രസ്ഥാനങ്ങൾക്ക് സാധിക്കണമെന്ന് മന്ത്രി പറഞ്ഞു.ജനങ്ങളുടെ തൊഴിൽ, ജീവിത പ്രശ്നങ്ങൾ എന്നിവയിൽ  ഇടപെടലുകൾ നടത്തേണ്ടത് ആവശ്യമാണ്. ജനങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ച് പ്രവർത്തിക്കുന്ന ചെങ്ങമനാട് സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു.നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹെഡ് ഓഫീസിൽ  സ്ഥാപിച്ച ലിഫ്റ്റിന്റെ ഉദ്ഘാടനം  അൻവർ സാദത്ത് എം.എൽ.എ നിർവഹിച്ചു. യോഗത്തിൽ ചെങ്ങമനാട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി. ജെ അനിൽ അധ്യക്ഷത വഹിച്ചു, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്  സെബാ മുഹമ്മദലി, ജില്ലാ പഞ്ചായത്ത് അംഗം എം.ജെ ജോമി, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി പ്രദീഷ്, ബ്ലോക്ക് പഞ്ചായത്ത് അംഗം അമ്പിളി അശോകൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ടി. വി സുധീഷ്, ലതാ ഗംഗാധരൻ, ആലുവ താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ കെ.എ ചാക്കോച്ചൻ, ബോർഡ് അംഗങ്ങൾ, സഹകാരികൾ, തുടങ്ങിയവർ പങ്കെടുത്തു.

# സോണി ഇന്ത്യ പുതിയ എച്ച് റ്റി എസ് 2000 സൗണ്ട് ബാർ അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ തങ്ങളുടെ ഏറ്റവും പുതിയ ഡോൾബി അറ്റ്മോസ് സൗണ്ട്ബാർ എച്ച്ടിഎസ്2000 അവതരിപ്പിച്ചു. മികച്ച ബാസിനൊപ്പം, വെർട്ടിക്കൽ സറൗണ്ട് എഞ്ചിൻ, എസ്ഫോഴ്സ് പ്രോ ഫ്രണ്ട് സറൗണ്ട് എന്നിവയിലൂടെ, സിനിമാറ്റിക് സറൗണ്ട് സൗണ്ട് അനുഭവമാണ് ഈ 5.11 ചാനൽ ഡോൾബി അറ്റ്മോസ്/ഡിടിഎസ്:എക്സ് സൗണ്ട്ബാർ നൽകുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.സ്റ്റീരിയോ കണ്ടന്റ് പ്ലേ ചെയ്യുമ്പോൾ പോലും പുതുതായി വികസിപ്പിച്ച അപ്മിക്സറിലൂടെ ത്രിമാന സറൗണ്ട് സൗണ്ട് അനുഭവിക്കാനാവും. സെന്റർ സ്പീക്കർ വ്യക്തമായ സംഭാഷണം ഉറപ്പാക്കുമ്പോൾ, ബിൽട്ട് ഇൻ ഡ്യുവൽ സബ്വൂഫർ ആഴത്തിലുള്ള ബാസും നൽകുന്നു.സോണിയുടെ പുതിയ ഹോം എന്റർടൈൻമെന്റ് കണക്ട് ആപ്പിന് (എച്ച്ഇസി) അനുയോജ്യമായ ആദ്യത്തെ ഡിവൈസ് കൂടിയാണ് ഈ സൗണ്ട്ബാർ. ഓപ്ഷണൽ സബ് വൂഫർ, റിയർ സ്പീക്കർ ഫീച്ചറുകൾ ഉപയോഗിച്ച് ഹോം സിനിമാ എക്സ്പീരിയൻസും ഉപഭോക്താക്കൾക്ക് ഉയർത്താം. എച്ച്ഡിഎംഐ, ഒപ്റ്റിക്കൽ കണക്റ്റിവിറ്റി എന്നിവയ്ക്കൊപ്പം എളുപ്പമുള്ള സജ്ജീകരണവും പ്രവർത്തനവും, പുതിയ റിമോട്ട് കൺട്രോൾ, പരിസ്ഥിതിയെ മനസിൽ കൊണ്ടുള്ള നിർമിതി എന്നിവയാണ് പുതിയ ഡോൾബി അറ്റ്മോസ് സൗണ്ട്ബാറിന്റെ മറ്റു സവിശേഷതകൾ.ജൂൺ 9 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകൾ (സോണി സെന്റർ, സോണി എക്സ്ക്ലൂസീവ്), www.ShopatSC.com പോർട്ടൽ, പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റു ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിലൂടെ എച്ച്ടിഎസ്2000 വിൽപനക്ക് ലഭ്യമാവും. 42,990 രൂപയാണ് വില. സൗണ്ട്ബാറും സബ് വൂഫറും ഉള്ള റിയർ സ്പീക്കർ കൂടി വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് 14,990 രൂപ ഇളവ് ലഭിക്കും. കൂടാതെ ബ്രാവിയയുടെ 43 ഇഞ്ചും അതിനും മുകളിലുള്ള ടെലിവിഷനുകൾക്കൊപ്പം എച്ച്ടിഎസ്2000 വാങ്ങുമ്പോൾ 4,000 രൂപയുടെ അധിക കിഴിവും ലഭിക്കും.

# ഹാക്കത്തോൺ സംഘടിപ്പിച്ച് വാറ്റിൽകോർപ്പ്

**കോഴിക്കോട്:** സൈബർ സുരക്ഷ ഹാക്കത്തോൺ സംഘടിപ്പിച്ച് കോഴിക്കോട് സർക്കാർ സൈബർപാർക്കിൽ പ്രവർത്തിക്കുന്ന വാറ്റിൽകോർപ് സൈബർ സെക്യൂരിറ്റി ലാബ്സ്. സിആർഎം രംഗത്ത് വ്യാപകമായി ഉപയോഗിക്കുന്ന ഒഡോ (ODOO) എന്ന ഓപ്പൺ സോഴ്സ് ഇആർപി സിസ്റ്റത്തിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അതുവഴി ആ എക്കോ സിസ്റ്റത്തെ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടായിരുന്നു ഹാക്കത്തോൺ സംഘടിപ്പിക്കപ്പെട്ടത്. രണ്ട് ദിവസം നീണ്ടു നിന്ന പരിപാടി കാലിക്കറ്റ് ഐടി ഫോറം പ്രസിഡന്റ് അബ്ദുൾ ഗഫൂർ കെ.വി ഉദ്ഘാടനം ചെയ്തു. ഗൂഗിൾ, മൈക്രോസോഫ്റ്റ്, ആപ്പിൾ അടക്കമുള്ള ടെക് ഭീമന്മരുടെയടക്കം അംഗീകാരം ലഭിച്ച ബഗ്ബൗണ്ടി ഹണ്ടേഴ്സ് പങ്കെടുത്ത ഹാക്കത്തോണിൽ ആദിത്യ കെ ഒന്നാം സ്ഥാനവും നിസാമുദ്ദീൻ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

# 103 പോയം പൂർത്തിയാക്കി വിപിഎസ് ലേക്ഷോർ



**കൊച്ചി:** കേരളത്തിൽ ആദ്യമായി 103 പോയം (Peroral Endoscopic Myotomy þ-POEM) സർജറികൾ പൂർത്തിയാക്കി വിപിഎസ് ലേക്ഷോറിലെ മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം. എച്ച്ഒഡി ആൻഡ് സീനിയർ കൺസൽട്ടന്റ് ഡോ റോയ് ജെ മുക്കടയുടെ നേതൃത്വത്തിലുള്ള ടീമാണ് ഈ നേട്ടം കൈവരിച്ചത്. അന്നനാളത്തിന്റെ പ്രവർത്തനവൈകല്യം മൂലം ഭക്ഷണം ഇറക്കാൻ കഴിയാത്ത അവസ്ഥയായ അക്കലേഷ്യ കാർഡിയയുടെ ചികിത്സയിൽ ഏറ്റവും നൂതനവും മികച്ച ഫലവും തരുന്ന ചികിത്സാരീതിയാണ് പെർ ഓറൽ എൻഡോസ്കോപ്പിക് മയോട്ടമി അഥവാ പോയം എന്ന് ആശുപത്രി എംഡി എസ്. കെ. അബ്ദുള്ള പറഞ്ഞുവിപിഎസ് ലേക്ഷോറിന് ഈ മികച്ച നേട്ടം കൈവരിക്കാൻ പ്രയത്നിച്ച ഡോക്ടർമാരെ അനുമോദിക്കാൻ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഡോ. ആന്റണി പോൾ ചേറ്റുപുഴ ചടങ്ങിൽ സംസാരിച്ചു. 10 വർഷം മുൻപ് 2013ൽ കേരളത്തിൽ ആദ്യമായി ഈ ചികിത്സ രീതി നടപ്പിലാക്കിയതും വിപിഎസ് ലേക്ഷോറിൽ ഡോ റോയ് ജെ മുക്കടയാണ്. അതിസങ്കീർണമായ ഈ ചികിത്സാരീതിയ്ക്ക് ശേഷം ഒരു ദിവസത്തിനുള്ളിൽ തന്നെ രോഗിക്ക് വെള്ളം കുടിക്കാനും പിന്നീട് സാധാരണ രീതിയിൽ ഭക്ഷണം കഴിക്കാനുമാകും. വർഷങ്ങളായി അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സംഘം അക്കലേഷ്യ എന്ന അവസ്ഥയ്ക്ക് ഈ ശസ്ത്രക്രിയ വിജയകരമായി നടത്തി വരുന്നു. ഇത്രയധികം സങ്കീർണമായ ഒരു പ്രൊസീജ്യർ വിജയകരമായി നടത്തുന്നതിൽ ഡോ. റോയ് ജെ മുക്കടയുടെയും ടീമിന്റെയും കഴിവ് പ്രശംസനീയമാണ്. കേരളത്തിൽ ആദ്യമായി 100 പോയം പ്രൊസീജ്യറുകൾ പൂർത്തിയാക്കി എന്നത് വിപിഎസ് ലേക്ഷോറിനെ സംബന്ധിച്ച് വലിയൊരു നേട്ടമായി കാണുന്നുവെന്നും എസ്. കെ. അബ്ദുള്ള പറഞ്ഞു. 93 വയസ്സുള്ള വ്യക്തിയാണ് വിപിഎസ് ലേക് ഷോറിൽ പോയത്തിനു വിധേയനായ ഏറ്റവും പ്രായമുള്ള രോഗി.

# ഐടെൽ എസ്23 അവതരിപ്പിച്ചു



**കൊച്ചി:** പ്രമുഖ സ്മാർട്ട്ഫോൺ ബ്രാൻഡുകളിലൊന്നായ ഐടെൽ പുതിയ പ്രീമിയം സ്മാർട്ട്ഫോൺ ഐടെൽ എസ്23 അവതരിപ്പിച്ചു. 9000 രൂപയിൽ താഴെയുള്ള വിഭാഗത്തിൽ മെമ്മറി ഫ്യൂഷനുമായുള്ള ഇന്ത്യയുടെ ആദ്യ 16ജിബി റാം ഫോണാണിത്. രാജ്യത്തെ മൊബൈൽ വ്യവസായത്തിൽ നാഴികക്കല്ലാകുന്ന എസ്23 16ജിബി ആമസോണിലൂടെ ആദ്യം അവതരിപ്പിക്കുന്നത്. എ60, പി40 തുടങ്ങിയ മോഡലുകളുമായി 8000 രൂപ വിഭാഗത്തിൽ ഇതിനകം ആയിരങ്ങളുടെ ഹൃദയം കവർന്ന ഐടെൽ ആമസോണിലൂടെ 8799 രൂപയ്ക്ക് പുതിയ സ്മാർട്ട്ഫോൺ അവതരിപ്പിച്ചു കൊണ്ട് 10000 രൂപ വിലവരുന്ന സ്മാർട്ട്ഫോൺ വിപണിയിൽ ആധിപത്യം പുലർത്താൻ ഒരുങ്ങുകയാണ്.എസ്23 ഈ വിഭാഗത്തിൽ മികവ് പുനർ നിർവചിക്കുന്നു. വളരെ വ്യക്തമായ 50എംപി പിൻ ക്യാമറയും ഫ്ളാഷോടു കൂടിയ 8എംപി മുൻ ക്യാമറയുമുണ്ട്. എസ്23 8ജിബി വേരിയന്റിലും ലഭ്യമാണ്. വിവിധ റീട്ടെയിൽ ചാനലുകളിലും ലഭ്യമാകും.ഇന്നത്തെ ഉപഭോക്താക്കൾ അവർക്ക് ഇഷ്ടമുള്ളത് തിരയുന്നവരുമാണെന്നും ഉപയോഗാവശ്യമനുസരിച്ചാണ് തെരഞ്ഞെടുക്കുന്നതെന്നും മൊബൈലുകൾ ഇപ്പോൾ വെറുമൊരു ഉപകരണമല്ല, ജീവിതശൈലിയുടെ തന്നെ ഭാഗമാണെന്നും സവിശേഷമായ ഫീച്ചറുകളിലൂടെ നൂതന സേവനങ്ങളാണ് ഐടെൽ എന്നും ഉപഭോക്താക്കൾക്ക് നൽകുന്നതെന്നും ഐടെൽ ഇന്ത്യ സിഇഒ അരിജീത് തലപത്ര പറഞ്ഞു.5000 എംഎഎച്ച് ബാറ്ററി, 6.6 ഇഞ്ച് എച്ച്ഡി+ഐപിഎസ് വാട്ടർഡ്രോപ് ഡിസ്പ്ലേയുമായി എസ്23 സമാനതകളില്ലാത്ത അനുഭവം പകരും. സ്റ്റാറി ബ്ലാക്ക്, മിസ്റ്ററി വൈറ്റ് എന്നീ നിറങ്ങളിൽ ലഭ്യമാണ്. ഇത് രണ്ട് വകഭേദങ്ങളിൽ ലഭ്യമാണ്. 8ജിബി + 8ജിബി റാം ആമസോണിൽ മാത്രം; 4 ജിബി + 4ജിബി റാം റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്.

# 'ഇവോൾവ്' അവതരിപ്പിച്ച് ടാറ്റാ



**കൊച്ചി:** ലോക പരിസ്ഥിതി ദിനാഘോഷം തുടരുന്നതിന്റെ ഭാഗമായി ടാറ്റാ മോട്ടോർസ് 'ഇവോൾവ്' എന്ന ഒരു പുതിയ പരിപാടിക്കു തുടക്കം കുറിച്ചു.ഉപഭോക്താക്കളെ കേന്ദ്രീകരിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ 'ഇവോൾവി'ന്റെ ഭാഗമാണ്. ടെസ്റ്റ് ഡ്രൈവുകൾ, സമൂഹത്തിന് വ്യാപകമായി ഗുണം ചെയ്യുന്ന മറ്റ് പ്രവർത്തനങ്ങൾ, എക്സ്ക്ലൂസീവ് ശുപാർശാ ആനുകൂല്യങ്ങൾ അടക്കമുള്ള എക്സ്ചേഞ്ച്, അപ്ഗ്രേഡ് പരിപാടികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 'ഇവോൾവി'ന്റെ തുടക്കത്തിന് നേതൃത്വം നൽകുന്നതിന്റെ ഭാഗമായി ടാറ്റാ മോട്ടോർസ് അതിന്റെ ആദ്യഘട്ടം ആരംഭിക്കുകയാണെന്ന് ടാറ്റാ മോട്ടോർസ് പാസഞ്ചർ വെഹിക്കിൾസ് ലിമിറ്റഡ്, ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് എന്നിവയുടെ എം ഡി യായ ശ്രീ ശൈലേഷ് ചന്ദ്ര പറഞ്ഞു.പരിമിത കാലയളവിലേക്കുള്ള റഫറൽ (ശുപാർശ) പരിപാടിയാണ് ഘട്ടം ഘട്ടമായി തുടക്കം കുറിക്കുന്നത്. ചില പ്രത്യേക അനുഭവങ്ങൾ നൽകുന്നതടക്കമുള്ള പ്രോത്സാഹന പരിപാടികളാണ് ഉപഭോക്താക്കൾക്കായുള്ള സമ്മാന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരമാവധി ആളുകളെ ഇവിയിലേക്ക് മാറ്റിയെടുക്കുവാൻ കഴിയുന്നവർക്ക് പ്രത്യേകം ക്യൂറേറ്റ് ചെയ്ത യാത്രാ പാക്കേജുകൾ തന്നെ ലഭിക്കും. മാച്ചു പിച്ചു, ഐസ്ലാന്റ് തുടങ്ങിയ അതിമനോഹരമായ സ്ഥലങ്ങളിലേക്കായിരിക്കും യാത്ര ചെയ്യാൻ അവസരം ലഭിക്കുക. അതല്ലെങ്കിൽ ഏതെങ്കിലും ഒരു ഗ്രാൻഡ് സ്ലാം ടൂർണമെന്റ് കാണുവാനുള്ള അവസരം ലഭിക്കും. കമ്പനിയുടെ ഏറ്റവും മികച്ച 13* ഇവി ഉപഭോക്തൃ വിപണികളിൽ ആയിരിക്കും പരിപാടി ആദ്യം തുടങ്ങുക.വിശദാംശങ്ങൾ https://ev.tatamotors.com/evolve/ -ൽ കാണാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

## വെസ്റ്റേൺ കാരിയേഴ്സ് (ഇന്ത്യ) ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ, മൾട്ടി മോഡൽ, റെയിൽ ഫോക്കസ്ഡ്, 4പിഎൽ ലോജിസ്റ്റിക്സ് കമ്പനിയായ വെസ്റ്റേൺ കാരിയേഴ്സ് (ഇന്ത്യ) ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 93,28,995 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ. ഓഹരികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

# 'ക്ഷോഭമടങ്ങാത്ത ലങ്ക' ടി പത്മനാഭൻ പ്രകാശനം ചെയ്തു




ഡെന്നി തോമസ് വട്ടക്കുന്നേൽ രചിച്ച 'ക്ഷോഭമടങ്ങാത്ത ലങ്ക'എന്ന പുസ്തകം ചലച്ചിത്ര സംവിധായകൻ എബ്രിഡ് ഷൈന് നൽകി പ്രമുഖ കഥാകാരൻ ടി പത്മനാഭൻ പ്രകാശനം ചെയ്യുന്നു. ഷെറിൻ വർഗ്ഗീസ്,ബാലകൃഷ്ണൻ പെരിയ,ഡെന്നി തോമസ് വട്ടക്കുന്നേൽ,റോബിൻ തിരുമല എന്നിവർ സമീപം

**കൊച്ചി:** ഡെന്നി തോമസ് വട്ടക്കുന്നേൽ രചിച്ച 'ക്ഷോഭമടങ്ങാത്ത ലങ്ക എന്ന പുസ്തകം പ്രമുഖ കഥാകാരൻ ടി.പത്മനാഭൻ പ്രകാശനം ചെയ്തു.എറണാകുളത്തെ സ്വകാര്യ ഹോട്ടലിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ എബ്രിഡ് ഷൈൻ ടി.പത്മനാഭനിൽ നിന്നും പുസ്തകത്തിന്റെ ആദ്യ കോപ്പി ഏറ്റു വാങ്ങി. ശ്രീലങ്കൻ കുടിയേറ്റ ചരിത്രത്തെ ഏറ്റവും സൂക്ഷ്മമായും, ആധികാരികമായും വിലയിരുത്തുന്ന രചനയാണ് 'ക്ഷോഭമടങ്ങാത്ത ലങ്ക ' എന്ന പുസ്തകമെന്ന് ടി പത്മനാഭൻ അഭിപ്രായപ്പെട്ടു. പുസ്തകത്തിലെ ഉള്ളടക്കത്തോട് താൻ പൂർണ്ണമായും യോജിക്കുന്നു. ചൈനയുടെ അടിമ രാജ്യം എന്നതാണ് ശ്രീലങ്കയുടെ ഇന്നത്തെ സ്ഥിതി. കടംവാങ്ങി കടംവാങ്ങി ശ്രീലങ്കയുടെ കാതലായ സ്ഥലങ്ങൾ ചൈനയ്ക്ക് തീറെഴുതി നൽകിയ അവസ്ഥയാണുള്ളതെന്നും ഒരു തരം ബ്ലേഡ് കച്ചവടമാണ് ചൈന ഇപ്പോൾ നടത്തുന്നതെന്നും ടി പത്മനാഭൻ വ്യക്തമാക്കി. റോബിൻ തിരുമല ചടങ്ങിൽ പുസ്തകം പരിചയപ്പെടുത്തി.ബാലകൃഷ്ണൻ പെരിയ, ഷെറിൻ വർഗ്ഗീസ് തുടങ്ങിയവർ സംസാരിച്ചു. ഡെന്നി തോമസ് വട്ടക്കുന്നേൽ മറുപടി പ്രസംഗം നടത്തി. ശ്രീലങ്കയിലെ ആഭ്യന്തര കലാപങ്ങളുടെയും, ഏറ്റുമുട്ടലുകളുടെയും രക്തമൊഴുകിയ നാൾവഴികളാണ് പുസ്തകത്തിലെ പ്രതിപാദ്യം. ശ്രീലങ്കയുടെ സങ്കീർണമായ രാഷ്ട്രീയവും പുസ്തകം വരച്ചുകാട്ടുന്നുണ്ട്. വിസി തോമസ് എഡീഷൻസ് ആണ് പ്രസാധകർ. മലയാളത്തിലും, അറബിയിലും പ്രസിദ്ദീകരിച്ച 'ഞങ്ങൾ അഭയാർഥികൾ' അടക്കം നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുള്ള ഡെന്നി തോമസ് വട്ടക്കുന്നേൽ അറിയപ്പെടുന്ന കോളമിസ്റ്റു കൂടിയാണ്. കൊവിഡിന്റെ പശ്ചാത്തലത്തിൽ രചിച്ച 'കോവിഡ് എന്ത് എന്തുകൊണ്ട്' എന്ന പുസ്തകം അദ്ദേഹത്തിന്റെ ശ്രദ്ധേയ രചനകളിലൊന്നാണ്.

## വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാം

**കൊച്ചി:**കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കളിൽ 2023 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എപ്ലസ് വാങ്ങി പാസായ വിദ്യാർഥികൾക്ക് ആനുകൂല്യത്തിനുള്ള അപേക്ഷ ക്ഷണിച്ചു. നിർദിഷ്ട ഫോമിലുള്ള അപേക്ഷ, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ക്ഷേമനിധി കാർഡിന്റെ പകർപ്പ്, അംശാദായം കുടിശ്ശികയില്ലാതെ അടച്ചതിനു തെളിവായി ക്ഷേമനിധി പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, ഫോൺ നമ്പർ എന്നിവ സഹിതം ജൂലൈ 31 നു വൈകീട്ട് അഞ്ചിനു മുൻപായി അങ്കമാലിയിലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ (ഫോൺ നമ്പർ0484 2454443) അപേക്ഷ സമർപ്പിക്കണമെന്നു ചീഫ് എക്സിക്യുട്ടീവ് ഓഫീസർ അറിയിച്ചു.അപേക്ഷാഫോം അങ്കമാലിയിലുള്ള ചീഫ് എക്സിക്യുട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നു സൗജന്യമായി ലഭിക്കും. ഫോം തപാലിൽ ആവശ്യമുള്ളവർ അഞ്ചു രൂപ സ്റ്റാമ്പ് പതിച്ച സ്വന്തം വിലാസമെഴുതിയ കവർ സഹിതം ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, അങ്കമാലി സൗത്ത് പി.ഒ 683573 എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ: 04842454443. വൈകി ലഭിക്കുന്നതോ അപൂർണ്ണമായതോ ആയ അപേക്ഷകൾ പരിഗണിക്കില്ല. അപേക്ഷ ലഭിക്കേണ്ട വിലാസം: ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, അങ്കമാലി സൗത്ത് പി.ഒ 683573.
Email id: bamboo.worker@gmail.com.
ഫോൺ: 04842454443, 7902454443.

# 'ദി തേർഡ് മർഡർ 'സ്ത്രീ കഥാപാത്ര പോസ്റ്റർ റിലീസായി




**കൊച്ചി:** 'റോയ്' എന്ന ശ്രദ്ധേയമായ ചിത്രത്തിന് ശേഷം സുനിൽ ഇബ്രാഹിം ടീം ഒരുക്കുന്ന ' ദി തേർഡ് മർഡർ ' (The Third Murder) എന്ന ചിത്രത്തിലെ മൂന്നു സ്ത്രീ കഥാപാത്രങ്ങൾ അടങ്ങിയ പോസ്റ്റർ റിലീസായി.ശിബ്‌ല ഫറ,ലിയോണ,അനന്യ എന്നിവരുടെ കഥാപാത്രങ്ങളുടെ പോസ്റ്ററാണ് റിലീസായത്.ഇന്ദ്രൻസ്, വിനയ് ഫോർട്ട്, സൈജു കുറുപ്പ്, ലിയോണ, അനന്യ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സുനിൽ ഇബ്രാഹിം സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ദി തേർഡ് മർഡർ '.സജാൽ സുദർശൻ, ജോണി ആന്റണി, മണികണ്ഠൻ പട്ടാമ്പി, റിയാസ് നർമ്മകല, ശിബ്‌ല ഫറ, ജിബിൻ ഗോപിനാഥ്, ഡിക്സൺ പൊടുത്താസ്, ആനന്ദ് മന്മഥൻ, സഞ്ജു ഭാസ്ക്കർ, പ്രമിൽ, ദിൽജിത്ത് ഗോറെ, രാജഗോപാൽ, ജെയ്സൺ, രാജ് ബി കെ,സാദ്ദിഖ്, അരുണാംശു, ജെഫി, മറിയ വിൻസന്റ് തുടങ്ങിയവരാണ് മറ്റു പ്രധാന അഭിനേതാക്കൾ.ഫൈസൽ ഖാൻ എഴുതിയ 'ഭയം നിർഭയം'എന്ന നോവലിനെ ആസ്പദമാക്കി ഒരുക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ സംഭാഷണം സംവിധായകൻ സുനിൽ ഇബ്രാഹിം തന്നെ എഴുതുന്നു .സ്വർണാലയ സിനിമാസിന്റെ ബാനറിൽ സുദർശനൻ കാഞ്ഞിരംകുളം നിർമ്മിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം സ്വരൂപ് ഫിലിപ്പ് നിർവ്വഹിക്കുന്നു.എഡിറ്റിംഗ് വിസാജൻ,സംഗീതം മെജ്ജോ ജോസഫ്,പ്രൊഡക്ഷൻ കൺട്രോളർ ഡിക്സൺ പൊടുത്താസ്.പ്രൊഡക്ഷൻ കോർഡിനേറ്റർ ജിൻസ് ഭാസ്ക്കർ, കല എം. ബാവ,വസ്ത്രാലങ്കാരം അക്ഷയ പ്രേംനാഥ്, മേക്കപ്പ് അമൽ ചന്ദ്രൻ,സ്റ്റിൽസ് ഷാലു പേയാട്,ചീഫ് അസോസിയേറ്റ് ഡയറക്ടർ സുഹൈൽ ഇബ്രാഹിം,അസോസിയേറ്റ് ഡയറക്ടർ എം.ആർ വിബിൻ, ഷമീർ.എസ്, സൗണ്ട് ഡിസൈൻഎ. ബി. ജുബിൻ,കളറിസ്റ്റ് രമേശ് സി പി,പരസ്യക്കല റഹീം പി എം കെ,ഫനൽ മീഡിയ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്പ്രവീൺ എടവണ്ണപ്പാറ, ദിലീപ് കോതമംഗലം, പി ആർ ഒ എ എസ് ദിനേശ്.


Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LIVA KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663